# കേരള സർവകലാശാല

നം.പി.ആർ.14/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

ബി.എസ്.സി (ആന്വൽ സ്കീം) മേഴ്സിചാൻസ് ഡിസംബർ 2019 പരീക്ഷയുടെ കെമിസ്ട്രി മെയിൻ പ്രാക്ടിക്കൽ ജനുവരി 29, 30, 31 തീയതികളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.എസ് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2020 ജനുവരി 28 മുതൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസപഠനകേന്ദ്രം 2019 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ (2017 അഡ്മിഷൻ) പരീക്ഷയുടെ 'ഡിസർട്ടേഷനും വൈവയും' (PADCO 13), 'കോംപ്രിഹെൻസീവ് വൈവ' (PADCO14) എന്നീ പരീക്ഷകൾ 2020 ജനുവരി 28, 30 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2019 നവംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (2017 അഡ്മിഷൻ) പരീക്ഷയുടെ മേജർപ്രോജക്ട്, വൈവാ വോസി, പ്രാക്ടിക്കൽ പരീക്ഷകൾ 2020 ജനുവരി 28 മുതൽ ഫെബ്രുവരി 6 വരെ പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വെച്ച് നടത്തുന്നു. ബാച്ച് തിരിച്ചുള്ള വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാകേന്ദ്രം

വിദൂരവിദ്യാഭ്യാസകേന്ദ്രം 2020 ജനുവരി 10 മുതൽ ആരംഭിച്ച ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം പരീക്ഷകളിൽ എം.ജി കോളേജ് പരീക്ഷാകേന്ദ്രമായി പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ എം.എ സോഷ്യോളജി, എം.എ മലയാളം വിദ്യാർത്ഥികൾ സെന്റ്.സേവ്യേഴ്സ് കോളേജ്, തുമ്പയിലും എം.എ ഇംഗ്ലീഷ്, എം.എ ഹിന്ദി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ വി.ടി.എം.എൻ.എസ്.എസ് കോളേജ് ധനുവച്ചപുരത്തും എം.എ എക്കണോമിക്സ്, എം.എ പൊളിറ്റിക്കൽ സയൻസ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചെമ്പഴന്തിയിലുമായി 2020 ഫെബ്രുവരി 4 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പരീക്ഷകൾ എഴുതേണ്ടതാണ്. മറ്റു വിഷയങ്ങൾക്ക് മാറ്റമില്ല. പരീക്ഷാകേന്ദ്രം മാറിയ വിദ്യാർത്ഥികൾക്ക് പഴയ ഹാൾടിക്കറ്റുമായി പുതിയ പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

# പരീക്ഷാഫലം

2019 ആഗസ്റ്റിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് ഏപ്രിൽ 2019 സെഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജനുവരി 29 വരെ അപേക്ഷിക്കാം. ഒക്ടോബർ 2019 സെഷൻ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടവർ (ഓൺലൈനായും ഓഫ്ലൈനായും) പിഴകൂടാതെ 2020 ജനുവരി 27 വരെയും 150 രൂപ പിഴയോടെ ജനുവരി 30 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും അപേക്ഷിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
20.01.2020

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**